"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഹു. മുഖ്യമന്ത്രി, മറ്റ് ബഹു. മന്ത്രിമാർ, ബഹു. സ്പീക്കർ, ബഹു. ഡെപ്യൂട്ടി സ്പീക്കർ, ബഹു. പ്രതിപക്ഷ നേതാവ്, ബഹു. ചീഫ് വിപ്പ്, ബഹു. നിയമസഭാംഗങ്ങൾ എന്നിവരുടെ ശമ്പളവും മറ്റ് ക്ലെയിമുകളുമായി ബന്ധപ്പെട്ട ബില്ലുകൾ 2027 ജനുവരി മുതൽ സ്പാർക്ക് സോഫ്റ്റ്വെയർ മുഖേന പ്രോസസ്സ് ചെയ്യുന്നത് സംബന്ധിച്ച് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (ഐ.ടി.എസ്.എഫ്.) വകുപ്പ്

സ.ഉ.(അച്ചടി) നം.115/2026/ധന **തീയതി, തിരുവനന്തപുരം, 12-11-2026**

പാരാമർശം:- 1. സ.ഉ. (അ) നം. 391/2015/ധന തീയതി: 07.09.2015
2. സ.ഉ. (അ) നം. 440/2015/ധന തീയതി: 03.10.2015
3. പരിപത്രം നം. 87/2015/ധന തീയതി: 17.11.2015
4. പരിപത്രം നം. 46/2023/ധന തീയതി: 20.05.2023

ഉത്തരവ്

ബഹു. മുഖ്യമന്ത്രി, മറ്റ് ബഹു. മന്ത്രിമാർ, ബഹു. സ്പീക്കർ, ബഹു. ഡെപ്യൂട്ടി സ്പീക്കർ, ബഹു. പ്രതിപക്ഷ നേതാവ്, ബഹു. ചീഫ് വിപ്പ്, ബഹു. നിയമസഭാംഗങ്ങൾ എന്നിങ്ങനെയുള്ള ഭരണഘടനാപരമായ പദവികൾ വഹിക്കുന്ന ഉന്നതസ്ഥാനീയരുടെ ശമ്പളം/അലവൻസ് ബില്ലുകൾ നിലവിൽ തയ്യാറാക്കുന്നത് സ്പാർക്ക് ഇതര നടപടിക്രമങ്ങളിലൂടെയാണ്.

2] സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, ആയതിന്റെ വെളിച്ചത്തിൽ, പൊതു ഭരണ വകുപ്പിന്റെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും ബന്ധപ്പെട്ട ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ ബഹു. മുഖ്യമന്ത്രി, മറ്റ് ബഹു. മന്ത്രിമാർ, ബഹു. സ്പീക്കർ, ബഹു. ഡെപ്യൂട്ടി സ്പീക്കർ, ബഹു. പ്രതിപക്ഷ നേതാവ്, ബഹു. ചീഫ് വിപ്പ്, ബഹു. നിയമസഭാംഗങ്ങൾ എന്നിവരുടെ ശമ്പളവും മറ്റ് ക്ലെയിമുകളുമായി ബന്ധപ്പെട്ട ബില്ലുകൾ സ്പാർക്ക് സോഫ്റ്റ്വെയർ മുഖേന പ്രോസസ്സ് ചെയ്യുന്നത് സംബന്ധിച്ച് തത്വത്തിലുള്ള അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

3] ബഹു. മുഖ്യമന്ത്രി, മറ്റ് ബഹു. മന്ത്രിമാർ, ബഹു. സ്പീക്കർ, ബഹു. ഡെപ്യൂട്ടി സ്പീക്കർ, ബഹു. പ്രതിപക്ഷ നേതാവ്, ബഹു. ചീഫ് വിപ്പ്, ബഹു. നിയമസഭാംഗങ്ങൾ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ നൽകുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി സ്പാർക്ക് സോഫ്റ്റ്വെയറിൽ "SPARK ID" രജിസ്ട്രേഷനിൽ "Constitutional Authorities" എന്ന പ്രത്യേക ഇനത്തിൽപ്പെടുത്തി മേൽപ്പറയുന്ന പദവികൾ വഹിക്കുന്ന ഉന്നതസ്ഥാനീയരുടെ "SPARK ID"

രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കേണ്ടതും സ്പാർക്ക് സോഫ്റ്റ്വെയറിൽ ഇതിലേക്കായി ഉൾപ്പെടുത്തുന്ന നിശ്ചിത പദവികൾ, നിയമസഭാ നിയോജകമണ്ഡലം, പദവി വഹിക്കുന്ന കാലയളവ് എന്നിവ രേഖപ്പെടുത്തേണ്ടതും ആണ്. സർക്കാർ ഇത് സംബന്ധിച്ച് അധിക നിർദ്ദേശങ്ങൾ യഥാവസരം പുറപ്പെടുവിക്കുന്നതാണ്.

4] മേൽസൂചിപ്പിച്ച വ്യവസ്ഥ 2027 ജനുവരിയോടെ പ്രാബല്യത്തിൽ വരുന്നതാണ്. ആയതിലേക്കുള്ള തുടർനടപടികൾ സ്വീകരിക്കാനായി സ്പാർക്ക് ചീഫ് പ്രോജക്ട് മാനേജരെ ചുമതലപ്പെടുത്തി, ബന്ധപ്പെട്ട ഡി.ഡി.ഓ-മാരുമായി ചർച്ച ചെയ്ത് വിശദമായ തുടർ നിർദ്ദേശങ്ങൾ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് ആലം ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരളം, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4. ബഹു. മുഖ്യമന്ത്രിയുടെയും മറ്റ് ബഹു. മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
5. പ്രൈവറ്റ് സെക്രട്ടറി, ബഹു. സ്പീക്കർ / ബഹു. ഡെപ്യൂട്ടി സ്പീക്കർ.
6. പ്രൈവറ്റ് സെക്രട്ടറി, ബഹു. പ്രതിപക്ഷ നേതാവ്/ബഹു.ചീഫ് വിപ്പ്, തിരുവനന്തപുരം.
7. ബഹു. സെക്രട്ടറി, കേരള നിയമസഭ.
8 സ്റ്റാഫ് ഓഫീസർ, ഓഫീസ് ഓഫ് ദി ചീഫ് സെക്രട്ടറി.
9. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
10. പേഴ്സണൽ അസിസ്റ്റന്റ്, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി.
11. നോഡൽ ഓഫീസർ, ധനകാര്യം (www.finance.kerala.gov.in)
12. ഓഫീസ് കോപ്പി [ITSF-2/364/2022-FIN (E- 2253775)]

ഉത്തരവിൻ പ്രകാരം

മാനേജർ, ഐ.ടി.എസ്.എഫ്